LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) നഗരൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി നഗരൂർ പഞ്ചായത്തുവക ഇരുനില കെട്ടിടത്തിന്റെ മുകളിലത്തെ നില പഞ്ചായത്ത് വിട്ടുനൽകിയിരുന്നതും ആയത് പരിശോധിച്ചതിൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനത്തിന് യോഗ്യമല്ല എന്ന് കണ്ടതിനാൽ മറ്റേതെങ്കിലും സൗകര്യപ്രദമായ കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്നതിന് നഗരൂർ പഞ്ചായത്ത് അധികാരികളോടും ചിറയിൻകീഴ് തഹസീൽദാരോടും വകുപ്പ് തലത്തിൽനിന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിന് യോജിച്ച മറ്റ് കെട്ടിടമോ സ്ഥലമോ നഗരൂർ വില്ലേജിൽ ലഭ്യമല്ല എന്ന വിവരമാണ് ചിറയിൻകീഴ് തഹസീൽദാർ അറിയിച്ചിട്ടുള്ളത്.

**നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ**

65 (66) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലയും പോലീസ് സ്റ്റേഷനും തിരിച്ചുള്ള കണക്ക് നൽകാമോ; എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇനി എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്;

(ബി) സെക്ഷൻ 153 (A) പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ഈ സെക്ഷൻ അനുസരിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; തെരഞ്ഞെടുപ്പ് കാലത്ത് വർഗ്ഗീയ സംഘർഷം ഉളവാക്കുന്നതിനെതിരെ ഉപയോഗിക്കുന്ന സെക്ഷൻ പ്രകാരം കേസ്സെടുക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) 1287 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക്, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം, ഇനി അറസ്റ്റ് ചെയ്യാനുള്ള പ്രതികളുടെ എണ്ണം എന്നിവ അനുബന്ധമായിചേർത്തിരിക്കുന്നു.* ജില്ല, പോലീസ് സ്റ്റേഷൻ എന്നിവ തരംതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സെക്ഷൻ 153(A) പ്രകാരം 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (കൊല്ലം ജില്ല - 3, കാസർഗോഡ് ജില്ല - 3) കൊല്ലം ജില്ലയിൽ ശൂരനാട്, കൊല്ലം വെസ്റ്റ്, ഇരവിപുരം എന്നീ പോലീസ് സ്റ്റേഷനുകളിലായി ഓരോ കേസ് വീതവും കാസർഗോഡ് ജില്ലയിൽ കാസർഗോഡ് പോലീസ് സ്റ്റേഷനിൽ 3 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇലക്ഷനോടനുബന്ധിച്ച് ഉണ്ടായ രാഷ്ട്രീയ സംഘർഷങ്ങളിൽ ഉൾപ്പെട്ടവർ വർഗ്ഗീയ മനോഭാവത്തോടുകൂടി ചേരിതിരിഞ്ഞ് ആക്രമണം നടത്തിയതിനാലാണ് സെക്ഷൻ 153(A) പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസ്**

66 (67) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ ബേഡഡുക്കൽ കൈപ്പത്തി ചിഹ്നം പതിപ്പിച്ച 500 രൂപ നോട്ട് നാട്ടുകാർ പിടികൂടിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ജില്ലാ കളക്ടർക്കും, റിട്ടേണിംഗ് ഓഫീസർക്കും നൽകിയ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പരാതികൾ ജില്ലാ പോലീസ് മേധാവിക്ക് കൈമാറിയിട്ടുണ്ടോ ; വിശദവിവരങ്ങൾ അറിയിക്കാമോ;

(ഡി) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുവരെ കേസ് എടുത്ത് അന്വേഷണം നടത്താതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ ബേഡഡുക്കൽ കൈപ്പത്തി ചിഹ്നം പതിപ്പിച്ച 500 രൂപ നോട്ട് വിതരണം ചെയ്തതായി പരാതി ലഭിച്ചിരുന്നു.

(ബി&സി) പരാതി റിട്ടേണിംഗ് ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവർ മുഖാന്തിരം അന്വേഷണം നടത്തി റിപ്പോർട്ട് ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇല്ല. പ്രാഥമിക അന്വേഷണത്തിൽ പോലീസിന് നേരിട്ട് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള കുറ്റകൃത്യം നടന്നതായി വെളിവായിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly